ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പൈപ്പു ലൈൻ നീട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ലേബർ അജണ്ട

79 (304) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേബർ അജണ്ട നടപ്പാക്കി തുടങ്ങിയോ ;

(ബി) ഇതുമൂലം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ എന്തൊക്കെ പുരോഗതിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു ;

(സി) ചൈൽഡ് ലേബർ തടയുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) അതിനായി എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ; ഇത് വിശദീകരിക്കാമോ ?

ഉത്തരം

(എ) നടപ്പിലാക്കി തുടങ്ങി.

(ബി) അസംഘടിത തൊഴിലാളികളുടേതുൾപ്പെടെ എല്ലാ തൊഴിലാളികളുടെയും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുകയും തൊഴിൽ മേഖലയിൽ സർവ്വതോന്മുഖമായ വികസനം ഉണ്ടാകുകയും ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു.

(സി) ബാലവേല തടയുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമായുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി 'കേരള ചൈൽഡ് ലേബർ' (റിലീസ്, റീഹാബിലിറ്റേഷൻ ആന്റ് വെൽഫയർ) ഓർഡിനൻസ് 2010 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതിനായി 'ശിശു തൊഴിൽ വിമുക്ത കേരളം' എന്ന ഒരു പദ്ധതിയും തയ്യാറായി വരുന്നു.

(ഡി) പ്രചരണത്തിന്റെ ഭാഗമായി മാധ്യമങ്ങളിൽ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയാണ് പരസ്യം നല്കിയത്. ഇതിനായി ഏകദേശം പതിമൂന്ന് ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ലേബർ അതോറിട്ടി

80 (305) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേബർ അതോറിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രൂപം നൽകിയ 'പരിഹാരവേദി'യുടെ പ്രവർത്തന പുരോഗതിയെന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലേബർ അതോറിറ്റി രൂപീകരിച്ചുകൊണ്ട് 21-11-200-ൽ സർക്കാർ വിജ്ഞാപനപ്രകാരം ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെയും തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും തൊഴിലാളി ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുകയും തുടർന്നുള്ള ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുക, പൊതുവായ മാർഗ്ഗ രേഖകൾ നൽകുക എന്നിവയാണ് ലേബർ അതോറിറ്റിയുടെ ചുമതല.

(സി) ലേബർ അജണ്ടയുടെ ഭാഗമായി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനും വിവിധ ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുവാനും തൊഴിലാളികൾക്ക് അവരുടെ പരാതികൾ നേരിട്ട് സമർപ്പിച്ച് പരിഹാരം കണ്ടെത്തുവാനുമായി സംഘടിപ്പിച്ച "പരിഹാരവേദി" വിജയകരമായി നടപ്പാക്കിവരുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ വേദി സംഘടിപ്പിക്കുകയുണ്ടായി. കൊല്ലത്ത് നടന്ന സംസ്ഥാനതല ഉത്ഘാടന വേദിയിൽ 4500 കുടുംബങ്ങൾക്കായി 75 ലക്ഷം രൂപയുടെയും എറണാകുളത്ത് 5500 കുടുംബങ്ങൾക്കായി ഒരു കോടി രൂപയുടേയും കോഴിക്കോട് 7000 കുടുംബങ്ങൾക്ക് 1.25 കോടിരൂപയുടെയും ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. കൂടാതെ കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് വിദ്യാഭ്യാസ ഗ്രാന്റ്, മരണാനന്തര സഹായം പെൻഷൻ എന്നിവയടക്കം 1200 കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. മറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡുകളും പരിഹാര വേദിയിൽ പങ്കെടുത്ത് ഭവന നിർമ്മാണം, വിദ്യാഭ്യാസം, വിവാഹം, മരണാനന്തര ആനുകൂല്യങ്ങൾ തുടങ്ങിയവയ്ക്കുള്ള ധനസഹായം വിതരണം ചെയ്തു. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, ഇ.എസ്.ഐ. വിഭാഗം വിവിധ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പരിഹാരവേദിയോട് അനുബന്ധിച്ചുനടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ 3000-ൽ അധികം തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശോധന നടത്തി. ഇ.എസ്.ഐ. കോർപ്പറേഷനും വിവിധ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

തഴപ്പായത്തൊഴിലാളി ക്ഷേമനിധിയിലെ അംഗത്വം

81 (306) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഴപ്പായത്തൊഴിലാളി ക്ഷേമനിധിയിൽ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly